ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം,
തീയതി:27 /05/2016.

ജി.2–9378/2016

## സർക്കുലർ നം.41/2016

വിഷയം:– ജയിലുകൾ – ജയിൽ ആസ്ഥാനകാര്യാലയം – മാനസിക രോഗികളായ തടവുകാരെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ അയയ്ക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന:– ബഹു: കേരള ഹൈക്കോടതിയുടെ IA 76/2016 in OP No.16667/1996 നമ്പർ ഹർജിയിൻമേൽ 29/03/2014 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്.

ബഹു: കേരള ഹൈക്കോടതിയുടെ IA 76/2016 in OP No.16667/1996 നമ്പർ ഹർജിയിൻമേൽ 29/03/2014 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പ്രസക്ത ഭാഗങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. മാനസികരോഗികളായ തടവുകാരെ മാനസികാരോഗ്യകേന്ദ്രങ്ങളിൽ അയയ്ക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ബഹു: ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ ജയിൽ സൂപ്രണ്ടുമാരും കർശനമായി പാലിക്കേണ്ടതാണ്. ബഹു: കോടതി ഉത്തരവിന്റെ പ്രസക്ത ഭാഗങ്ങളുടെ മലയാള പരിഭാഷയും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽസ്ഥാപന മേധാവികൾക്കും

പകർപ്പ്:
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്,
ദക്ഷിണമേഖല/മദ്ധ്യമേഖല/ഉത്തരമേഖല

TN

21. On the strength of the discussions with the various persons present today, both proffessionals and activists, the following directions are issued:

(i) The Superintendents of MHCs in the State and the Doctors attached thereat shall ensure that none of the patients, even those showing acute suicidal tendencies, when placed in seclusion, shall be so placed nude; unless very acute situation warrants the same. If there is such a warrant then it would have to be approved by a Committe of Doctors with the Superintendent in the Chair and consisting of two other Psychiatrists; other than the attending physician. In the rare event of such a seclusion being ordered and approved, it shall be ensured that the subject patient is not exposed to anyone of the opposite sex, not even from amongst the staff of the MHCs.

(ii) But for these rare cases, suitable dress for patients, kept in seclusion, can be devised by the Superintendent of the MHCs ir consultation with the Doctors in a Centre. In this context, it would b necessary to provide for the specific dress which is to be used in tl case of the inmates in each of the MHCs, for which the respect

Superintendents shall consult with the Doctors within the MHCs and issue specific orders in writing on that aspect. The respective Superintendents shall ensure that such orders are issued within a period of one month from the date of receipt of an authenticated copy of this order, after consultation with whomsoever they think fit, and place a report enclosing such orders within six weeks from today. Dr.S.V.Subramanian, attached to MHC, Thrissur points out that the said MHC has devised a dress suitable for such secluded patients having suicidal tendencies and the same has been approved by the Monitoring Committee for the District. The MHCs at Thiruvananthapuram and Kozhikode shall get necessary inputs from the Trichur MHC before a decision is arrived at. It is also directed that sufficient number of the dress so prescribed in seclusion, shall be stocked in the respective MHCs within one month of the decision taken, which shall be verified on physical inspection by the District Judges of Thiruvananthapuram, Thrissur and Kozhikode, who are holding the post of Chairman of the Monitoring Committees for the respective Districts.

(iii) Director General of Prisons and Correctional Services, Kerala, Thiruvananthapuram is *suo motu* impleaded as additional respondent in this I.A. The learned Senior Government Pleader is directed to take notice for the said officer and the Director General of Prisons shall call for a meeting of the Superintendents of various jails in the State within a period of one month from today and place a report as to the availability of space for providing a rehabilitation centre in each of the prisons to house the inmates released from the MHCs before they are allowed to mix with the general population of the convicts.

(iv) The DGP shall also issue necessary orders to the Superintendents of the Jails to ensure that any convict or undertria prisoner sent to any of the MHCs shall be accompanied with a repo of the Medical Officer of the Prison, indicating the exa offence/crime committed, the history of the patient, any earli treatment undertaken and the details of the family as available fr the records of the prison and a short note by the Medical Officer,. to the behavioural tendencies of the individual convict.

(v) The representatives of the Psychiatric Society have magnanimously agreed to conduct a study of the necessary infrastructural modifications needed at the MHCs and the manpower requirement and file a report within six months from the date of receipt of a copy of this order. The Psychiatric Society is also requested to suggest the training measures which could be carried on for the staff members of the MHCs and whether they could voluntarily take up such training activities which could be commenced and continued in the various MHCs at their convenience and in the frequency they would deem fit. The Psychiatric Society would also think in lines of laying down a specific protocol for dealing with oppressively distressed patients and place it for consideration before this Court.

(vi) With respect to under-trial prisoners, the Secretary, MHA and the members of the Psychiatric Society express concern that they are not taken back in time, after they are declared fit for standing trial and the cases are also not taken up for trial within a reasonable period, causing relapse of the condition, more for reason of they being again mixed with the general population of convicts.

987



IA.76 of 2016 in
OP.16667 of 1996-S

These persons also could be placed in the rehabilitation centres, proposed above, till the trial is commenced, carried on and concluded. The Registrar General, High Court of Kerala, Kochi-682031 is also *suo motu* impleaded in the above I.A. and is directed to place on record the measures which could be adopted to expedite the trial of such mentally ill persons immediately on their being declared fit for trial so as to ensure that they are not incarcerated indefinitely, pending trial.

22. This Court places on record its appreciation of the valuable suggestions made by the Secretary, MHA, the representatives of the Psychiatric Society, the Amicus Curiae and the learned Senior Government Pleader, and expresses the hope that they would carry forward the good work with all earnestness; for which this Court could only act as a catalyst.

Handover the order to all sides.

Sd/ -
K.VINOD CHANDRAN, J

[True Copy]

ASSISTANT REGISTR

## ജയിലിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ

ജീവിക്കാനുള്ള അവകാശമെന്നത് "അന്തസ്സോടെ ജീവിക്കാനുള്ള" അവകാശമാണ്. ഇത് സ്ഥിരബുദ്ധിയുള്ളവർക്കും അല്ലാത്തവർക്കും ഒരുപോലെ ബാധകമാണ്.

Page 6: നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങളുടെയും സാമൂഹിക സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ മാനസിക ആസ്വാസ്ഥ്യമുള്ളവരുടെ അക്രമ പ്രവണതയെ കൈകാര്യം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് സൈക്യാട്രിക് സൊസൈറ്റി വ്യക്തമാക്കിയിട്ടുണ്ട്. മെഡിക്കൽ വിദഗ്ധൻമാരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ വിഷയം കൈകാര്യം ചെയ്യാൻ കൃത്യമായ ഒരു പെരുമാറ്റച്ചട്ടം ആവശ്യമാണെന്ന നിഗമനത്തിലാണ് സൊസൈറ്റി എത്തിച്ചേർന്നിരിക്കുന്നത്. ജീവൻരക്ഷിക്കുക, വ്യക്തിയുടെ അന്തസ്സ് സംരക്ഷിക്കുക, മനുഷ്യാവകാശലംഘനം ഒഴിവാക്കുക എന്നീ വസ്തുതകളിൽ സംതുലനാവസ്ഥ നിലനിർത്തുവാനും അതോടൊപ്പംതന്നെ എന്തുവിലകൊടുത്തും ജീവൻ സംരക്ഷിക്കുക എന്നതിന് ഊന്നൽ കൊടുക്കുവാനുമാണ് സൊസൈറ്റി ആവശ്യപ്പെടുന്നത്.

തീവ്രമായ മാനസികാസ്വാസ്ഥ്യമുള്ള രോഗികളുടെ കാര്യത്തിൽ ഏകാന്തവാസം മാത്രം ഒരു വലിയ പ്രശ്നമാകുന്നില്ല. മറിച്ച് അങ്ങനെയുള്ള സാഹചര്യം അവർക്ക് മറ്റുള്ളവരോടൊപ്പം കഴിയുന്നതിനുനേക്കാൾ നല്ലതുമാണ്, കാരണം മറ്റുള്ളവരുടെ സാധാരണ പ്രവർത്തികളും പ്രതികരണങ്ങൾപോലും അവരുടെ മാനസികനിലയെ തകിടംമറിക്കുന്നവയാകാം. സ്ഥിരമായ മേൽനോട്ടത്തിന് അവസരമൊരുക്കുന്ന കുറേക്കൂടെ മെച്ചമായ രീതിയിൽ ക്രമീകരിച്ചിട്ടുള്ള "സെക്ലൂഷൻ" മുറികൾ ഉണ്ടാകണമെന്നാണ് സൊസൈറ്റി അഭിപ്രായപ്പെടുന്നത്. നിലവിലുള്ള അത്തരം മുറികൾ ജയിൽമുറികൾ പോലുള്ളവയും അപരിഷ്കൃതവും രോഗികൾക്ക് വേദനാജനകവുമാണെന്ന് സൊസൈറ്റി ചൂണ്ടിക്കാണിക്കുന്നു (വികസിത രാജ്യങ്ങളിൽ ഇത്തരം ഏകാന്തവാസമുറികൾ നിലവിലില്ല). വ്യക്തമായി കുറേകൂടി നന്നായി രൂപകൽപ്പന ചെയ്ത ഏകാന്തവാസ മുറികളാണ് ഈ അവസ്ഥയ്ക്ക് പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത്. ബാംഗ്ലൂരുവിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ(NIMHANS)ൽ രൂപപ്പെടുത്തിയ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂർ(SOP)നെപ്പറ്റി സൊസൈറ്റി പരാമർശിക്കുകയും സമാനമായ ഒരു കാര്യക്രമം കേരളത്തിലെ എം..എച്ച്.സി.കളിൽ പ്രയോഗത്തിൽ വരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

Page 12: ജയിലിനുള്ളിൽത്തന്നെ ഫോറൻസിക് വാർഡുകൾ ക്രമീകരിക്കണമെന്ന് മെന്റൽ ഹെൽത്ത് അസോസിയേഷൻ സെക്രട്ടറി അഭിപ്രായപ്പെടുന്നു. എം..എച്ച്.സി.കളിൽ നിന്നും മോചിതരായി വരുന്ന ശിക്ഷാതടവുകാരെയും വിചാരണാതടവുകാരെയും മറ്റുള്ള തടവുകാരുമായി സഹകരിപ്പിക്കുന്നതിനുമുമ്പ് പ്രസ്തുത വാർഡുകളിൽ താമസിപ്പിക്കേണ്ടതാണ്. ഇത് രോഗികളുടെ പുനരധിവാസത്തെ വളരെയേറെ സഹായിക്കുമെന്നതിനാൽ സൈക്യാട്രിക് സൊസൈറ്റികളുടെ പ്രതിനിധികളും ഇതിനെ പിൻതാങ്ങുന്നു.

Page 13: അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി നേരിയ മാനസിക വ്യതിചലനം പ്രകടിപ്പിക്കുന്ന തടവുകാരെപ്പോലും എം..എച്ച്.സി.യിലേയ്ക്ക് അയയ്ക്കുന്ന സംവിധാനം കേരളത്തിന്റെ ജയിലുകളിൽ നിലനിൽക്കുന്നതായി സൊസൈറ്റി പ്രതിനിധികൾ ചൂണ്ടിക്കാട്ടുന്നു. ചികിത്സയ്ക്കുശേഷം അവരെ തിരിച്ച് ജയിലിലേയ്ക്ക് കൊണ്ടുവരികയും ചെയ്തുവരുന്നു. എം..എച്ച്.സി.യിൽ നിന്നും മോചിതരായി വരുന്ന തടവുകാർ മറ്റുള്ളവരുമായി ഇടപഴകുന്നത് അനുചിതമാണെന്ന് ചൂണ്ടികാണിക്കപ്പെടുന്നു. ജയിലിൽ കിടക്കുന്ന മറ്റ് തടവുകാർ പലപ്പോഴും ഇവരോട്

സഹാനുഭൂതി ഉള്ളവരാകണമെന്നില്ല. എതിരായ ഒരു വാക്കോ പ്രവർത്തിയോമതി രോഗി പഴയ അവസ്ഥയിലേയ്ക്ക് മടങ്ങാൻ. ഈ സാഹചര്യത്തിലാണ് ജയിലിൽ തന്നെ പുനരധിവാസകേന്ദ്രങ്ങൾ തുറക്കേണ്ടതിന്റെ ആവശ്യകത പ്രസക്തമാകുന്നത്.

Page 18: ആത്മഹത്യാപ്രവണത പ്രകടിപ്പിക്കുന്ന മാനസികാസ്വാസ്ഥ്യമുള്ള രോഗികളെ സംബന്ധിച്ച് ഭിന്നാഭിപ്രായത്തിന് സാംഗത്യമില്ല. തന്നെപ്പറ്റിയും ചുറ്റുപാടുള്ള ലോകത്തെപ്പറ്റിയുമുള്ള വിലക്ഷണമായ നിഷേധചിന്തകളിൽനിന്നും രൂപംകൊള്ളുന്ന തീവ്രമായ വിഷാദം സ്വയാർത്ഥ്യബോധത്തെ വികലമാക്കുകയും തൽഫലമായി മരണചിന്തകൾ മനസിൽ രൂപപ്പെടുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള വിഷാദാത്മകമായ മാനസിക ഭാവത്തിൽ നിന്നും പുറത്തുവരാൻ സഹായിക്കുകയാണ് പുനരധിവാസകേന്ദ്രങ്ങൾ ചെയ്യുന്നത്. അവ രോഗികൾക്ക് അവരുടെ നിലനില്പിന് കൂടുതൽ ഉതകുന്ന സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുന്നു. പ്രാഥമിക ഘട്ടത്തിൽ പരമപ്രധാനമായത് ജീവന് സംരക്ഷണം നൽകുക എന്നതായതിനാൽ ഏകാന്തവാസത്തിലൂടെ രോഗിയ്ക്ക് തന്റെ ജീവൻ ഒടുക്കുവാനുള്ള എല്ലാ മാർഗ്ഗങ്ങളും തടയുക എന്നതിന് മുൻതൂക്കം നൽകണം.

ചികിത്സയിലൂടെ രോഗിയുടെ മാനസികനില സ്ഥിരമാകുന്നതുവരെയെങ്കിലും ഇത് തുടരണം. പക്ഷേ ഇത് രോഗിയുടെ; സ്ഥിരബുദ്ധിയുള്ളതോ അല്ലാത്തതോ ആവട്ടെ അടിസ്ഥാന അന്തസ്സുറപ്പാക്കുന്ന തരത്തിലായിരിക്കണം. അവന്റെ/ അവളുടെ സ്വകാര്യതയെ സംരക്ഷിച്ചു കൊണ്ടാവണം. അവന്റെ ശരീരം മറ്റുള്ളവരുടെ മുൻപിൽ പ്രകടമാക്കികൊണ്ടാകുവാൻപാടില്ല; അവനെ/അവളെ സന്ദർശിക്കുന്ന ഡോക്ടറുടേയോ അറ്റൻഡർമാരുടെ മുന്നിൽപ്പോലും.

Page 20: ബഹു. ഡി.ജി. ഓഫ് പ്രിസൺസ് സംസ്ഥാനത്തെ എല്ലാ ജയിൽ സൂപ്രണ്ടുമാരുടെയും യോഗം ഒരു മാസത്തിനുള്ളിൽ വിളിച്ചുചേർക്കുകയും മേൽപ്പറയുന്ന പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യതയെ സംബന്ധിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഡി.ജി. ഓഫ് പ്രിസൺസ് താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

1. അതായത് എം.എച്ച്.സി.യിലേയ്ക്ക് അയയ്ക്കപ്പെടുന്ന ശിക്ഷാ/വിചാരണ പ്രതിയോടൊപ്പം ജയിൽ മെഡിക്കൽ ഓഫീസറുടെ ഒരു റിപ്പോർട്ടുകൂടി അയയ്ക്കേണ്ടതാണ്. ഇതിൽ പ്രതിചെയ്ത കുറ്റം, പ്രതിയുടെ ചരിത്രം, മുമ്പ് ചികിത്സ തേടിയിട്ടുണ്ടെങ്കിൽ ആ വിവരം, പ്രതിയുടെ പെരുമാറ്റത്തിലെ പ്രത്യേകതകൾ സംബന്ധിച്ചുള്ള മെഡിക്കൽ ഓഫീസറുടെ കുറിപ്പ് എന്നിവ ഉൾപ്പെടുത്തണം.

2. വിചാരണപ്രതികളെ സംബന്ധിച്ച് ചില ആശങ്കകൾ എം.എച്ച്.എ സെക്രട്ടറിയും സൈക്യാട്രിക് സൊസൈറ്റി അംഗങ്ങളും പ്രകടിപ്പിച്ചു; എന്തെന്നാൽ ചികിത്സ പൂർത്തിയാക്കി വിചാരണയ്ക്ക് യോഗ്യരായാലും ഇവരെ സമയത്ത് തിരിച്ചെടുക്കുന്നില്ല. വിചാരണ സമയബന്ധിതമായി തീർക്കുന്നില്ല. അങ്ങനെ ഇവരുടെ രോഗം വീണ്ടെടുക്കുന്ന സാഹചര്യം സംജാതമാകുന്നു. ഇത്തരത്തിലുള്ള ആളുകളെയും മേൽപ്പറഞ്ഞ പുനരധിവാസ കേന്ദ്രത്തിൽ പാർപ്പിക്കാവുന്നതാണ്. ഇവരുടെ വിചാരണ ദ്രുതഗതിയിലാക്കുവാനുള്ള എന്ത് നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന വിവരം കോടതിയെ അറിയിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാറർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്

..................